മാതൃഭൂമി

04 May 2018

## പിഴല മാതൃകയിൽ കൂടുമത്സ്യകൃഷി

# മഹാരാഷ്ട്രയും നടപ്പാക്കാനൊരുങ്ങുന്നു

**കൊച്ചി** ▸ കൂടു മത്സ്യകൃഷിയിൽ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സി.എം.എഫ്.ആർ.ഐ.) സാങ്കേതിക സഹായം തേടി മഹാരാഷ്ട്ര.

സി.എം.എഫ്.ആർ.ഐ.യുടെ നേതൃത്വത്തിൽ എറണാകുളം ജില്ലയിലെ പിഴലയിലും സംസ്ഥാനത്തിന്റെ മറ്റ് ഭാഗങ്ങളിലും ചെയ്തുവരുന്ന കൂടു മത്സ്യകൃഷി മാതൃകകൾ മഹാരാഷ്ട്രയിലും നടപ്പിലാക്കുന്നതിനാണ് മഹാരാഷ്ട്രയിലെ ധനകാര്യ ആസൂത്രണ സഹ മന്ത്രി ദീപക് കേസാർക്കർ സി.എം.എഫ്.ആർ.ഐ.യുടെ പിന്തുണ തേടിയത്.



▶ മഹാരാഷ്ട്ര ചെറുകിട വ്യവസായ കോർപ്പറേഷൻ ജോയിന്റ് ഡയറക്ടർ ലീന ബൻസോഡ് പിഴലയിലെ കൂടുമത്സ്യ കൃഷി യൂണിറ്റുകൾ സന്ദർശിക്കുന്നു

സി.എം.എഫ്.ആർ.ഐ.യിൽ വിവിധ വകുപ്പ് മേധാവികളുമായി നടന്ന ചർച്ചയിലാണ് മഹാരാഷ്ട്ര മന്ത്രി സഹായം ആവശ്യപ്പെട്ടത്. മഹാരാഷ്ട്രയിലെ സിന്ധുദുർഗ് ജില്ലയിൽ 500 കൂടുകൃഷി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനാവശ്യമായ സാങ്കേതിക സഹായം നൽകുന്നതിന് മഹാരാഷ്ട്ര സർക്കാർ സി.എം.എഫ്.ആർ.ഐ.ക്ക് സാമ്പത്തിക സഹായം നൽകുമെന്ന് അദ്ദേഹം പറഞ്ഞു.

ചർച്ചയിൽ ധാരണയായതനുസരിച്ച് സി.എം.എഫ്.ആർ.ഐ.യിലെ മാരികൾച്ചർ വിഭാഗത്തിലെ ഒരു സംഘം മഹാരാഷ്ട്രയിലെ സിന്ധുദുർഗ് ജില്ലയിൽ സന്ദർശനം നടത്തി ജലാശയങ്ങളുടെ പാരിസ്ഥിതിക ഘടകങ്ങൾ വിലയിരുത്തും. സന്ദർശനത്തിനു ശേഷം വിശദമായ പ്രവർത്തന പദ്ധതി സി.എം.എഫ്.ആർ.ഐ. മഹാരാഷ്ട്ര സർക്കാറിന് സമർപ്പിക്കും.

മന്ത്രിയുടെ കൂടെ സി.എം.എഫ്.ആർ.ഐ.യിലെത്തിയ മഹാരാഷ്ട്ര ചെറുകിട വ്യവസായ കോർപ്പറേഷൻ ജോയിന്റ് ഡയറക്ടർ ലീന ബൻസോഡ് പിഴലയിലെ കൂടു മത്സ്യകൃഷി യൂണിറ്റുകൾ സന്ദർശിച്ചു.

ഏകദേശം ഇരുനൂറോളം കൂടുകളിലാണ് പിഴലയിൽ മത്സ്യകൃഷി നടക്കുന്നത്. മഹാരാഷ്ട്ര അഡീഷണൽ പ്രിൻസിപ്പൽ ഫോറസ്റ്റ് കൺസർവേറ്റർ എൻ. വാസുദേവനും മന്ത്രി കേസാർക്കറിനെ അനുഗമിച്ചു.